# അധ്യാപകരെ കൈയേറ്റം ചെയ്യുന്ന എസ്എഫ്ഐ ശൈലി സാംസ്കാരിക കേരളത്തിന് അപമാനം: കെപിസിടിഎ

**കാഞ്ഞങ്ങാട്:** ആലപ്പുഴ എസ്ഡി കോളജ് പ്രിൻസിപ്പൽ ഡോ. പി. ആർ. ഉണ്ണിക്കൃഷ്ണപിള്ളയെ എസ്എഫ്ഐ വിദ്യാർഥികൾ കൈയേറ്റം ചെയ്യുകയും അസഭ്യം വിളിക്കുകയും ചെയ്തതിൽ കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) അപലപിച്ചു.

ചുരുക്കം വിദ്യാർഥികളെ ഉപയോഗിച്ച് മഹനീയമായ അധ്യാപകവൃത്തിയെ അധിക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന ഇടത് സമീപനം അവസാനിപ്പിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം ആരംഭിക്കുമെന്ന് കെപിസിടിഎ സംസ്ഥാന പ്രസിഡന്റ് ഡോ. യു. അബ്ദുൾ കലാം വ്യക്തമാക്കി.

വിദ്യാർഥികളുമായി സൗഹൃദാന്തരീക്ഷം നിലനിൽക്കണമെന്ന് അധ്യാപകർ ആഗ്രഹിക്കുമ്പോഴും അധ്യാപകരെ അധിക്ഷേപിക്കുകയും കൈയേറ്റം ചെയ്യുകയും ചെയ്യുന്ന പ്രവണത വർധിക്കുന്നതിൽ യോഗം ആശങ്ക പ്രകടിപ്പിച്ചു.

ആരോപണവിധേയനായ വിദ്യാർഥിയെ ഉടൻ അറസ്റ്റ് ചെയ്യണമെന്നും നിയമപരമായ നടപടികൾ സ്വീകരിക്കണമെന്നും കെപിസിടിഎ ആവശ്യപ്പെട്ടു.

യോഗത്തിൽ ഡോ. ജോബി തോമസ്, ഡോ. ടി. മുഹമ്മദലി, ഡോ.സണ്ണി കെ. ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജിജി, ഡോ. ഇന്ദു എന്നിവർ പ്രസംഗിച്ചു.

# എയ്ഡഡ് കോളജ് അധ്യാപകരെ അവഹേളിച്ചതിൽ പ്രതിഷേധം

**കാഞ്ഞങ്ങാട്:** സംസ്ഥാനത്തെ എയ്ഡഡ് കോളജ് അധ്യാപകരെ അവഹേളിക്കുകയും അവരിൽ സ്വഭാവദൂഷ്യം ആരോപിക്കുകയും ചെയ്ത മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രസ്താവനയിൽ കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) പ്രതിഷേധിച്ചു.

സാലറി ചലഞ്ച് എന്ന പേരിൽ സംസ്ഥാനത്തെ ഉദ്യോഗസ്ഥരിൽനിന്ന് നിർബന്ധപ്പിരിവ് നടത്താനുള്ള ശ്രമം പരാജയമായിരുന്നു എന്നത് മൂടിവെക്കാൻ എയ്ഡഡ് കോളജ് അധ്യാപകരുടെ മേൽമാത്രം അവഹേളനം ചൊരിഞ്ഞതിൽ കെപിസിടിഎ പ്രതിഷേധിച്ചു. ഡോ. യു. അബ്ദുൽകലാം, ഡോ. ജോബി തോമസ്, ഡോ. ടി. മുഹമ്മദലി, ഡോ. സണ്ണി കെ. ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജി.ജി. എന്നിവർ സംസാരിച്ചു.

# 'സർവകലാശാലകളെ ഇടതുവൽക്കരിക്കാൻ സർക്കാർ ശ്രമം'

രാജപുരം ● സർവകലാശാലകളെ ഇടതുവൽക്കരിക്കാൻ സംസ്ഥാന സർക്കാർ ശ്രമിക്കുന്നതായി കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) സംസ്ഥാന സ്റ്റിയറിങ് കമ്മിറ്റി യോഗം ആരോപിച്ചു.

രാജ്യത്തെ പ്രമുഖരായ അധ്യാപകരെ സ്റ്റാറ്റ്യൂട്ടറി പോസ്റ്റുകളിലേക്ക് ആകർഷിക്കാനാണു കഴിഞ്ഞ സർക്കാർ വിരമിക്കൽ പ്രായം 60 ആക്കി ഉയർത്തിയത്.

എന്നാൽ ഏതുവിധത്തിലും ഇടതുവൽക്കരണം നടത്താൻ സംസ്ഥാന സർക്കാർ വിചിത്രമായ ഓർഡിനൻസുകളിലൂടെ ശ്രമിക്കുകയാണ്. കേരള സർവകലാശാല പരീക്ഷാ കൺട്രോളർ നിയമനം തടയുന്നത് പോലുള്ള സമീപകാല കോടതി ഇടപെടലുകൾ സർക്കാർ വീണ്ടും ക്ഷണിച്ചുവരുത്തുന്നത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ അഭികാമ്യമല്ലെന്നും യോഗം അഭിപ്രായപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് ഡോ.യു.അബ്ദുൽകലാം, ജനറൽ സെക്രട്ടറി ഡോ.ജോബി തോമസ്, ട്രഷറർ ഡോ.ടി.മുഹമ്മദലി, ഡോ.സണ്ണി കെ. ജോർജ്, ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ.ജി.ജീ, ഡോ.ഇന്ദു എന്നിവർ പ്രസംഗിച്ചു.

## ഓർഡിനൻസ് രാഷ്ട്രീയപ്രേരിതം -കെ.പി.സി.ടി.എ.

**രാജപുരം** ▶ സർവകലാശാലകളിലെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരെ പുറത്താക്കാൻ ഓർഡിനൻസ് ഇറക്കിയ സർക്കാർ നടപടി രാഷ്ട്രീയപ്രേരിതമാണെന്ന് കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (കെ.പി.സി.ടി.എ.) സംസ്ഥാന സ്റ്റിയറിങ് കമ്മിറ്റി അഭിപ്രായപ്പെട്ടു. സർവകലാശാലകളിൽ ഇടതുവത്കരണത്തിനുള്ള നീക്കമാണ് ഇതിനുപിന്നിലെന്നും യോഗം ആരോപിച്ചു.കഴിവുള്ള അധ്യാപകരെ സ്റ്റാറ്റ്യൂട്ടറി സ്ഥാനങ്ങളിലേക്ക് ആകർഷിക്കുന്നതിനാണ് മുൻ സർക്കാർ വിരമിക്കൽ പ്രായം 60 ആക്കിയത്. ഇത് മറികടന്ന് ഇടതുവത്കരണം നടത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഈ സ്ഥാനങ്ങളിൽ നിയമിക്കപ്പെടുന്ന അധ്യാപകരുടെ വിരമിക്കൽ പ്രായം 56 ആയി കുറച്ചത്. ഉന്നതവിദ്യാഭ്യാസമേഖലയിൽ രാഷ്ട്രീയവത്കരണത്തിന് പകരം നിലവാരമുയർത്തുക എന്ന ലക്ഷ്യത്തോടെ മുന്നോട്ടുപോകണമെന്ന് യോഗം ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡൻറ് ഡോ. യു.അബ്ദുൽകലാം അധ്യക്ഷത വഹിച്ചു. ഡോ. ജോബി തോമസ്, ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ.ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജി.ജി, ഡോ. ഇന്ദു എന്നിവർ സംസാരിച്ചു.



## ഗവേഷണം: കേന്ദ്ര സർവകലാശാലയുടെ നിലപാടിനെതിരെ കെപിസിടിഎ

**രാജപുരം** ● കേന്ദ്രംമുൻകൂട്ടിതയാറാക്കുന്ന വിഷയങ്ങളിൽ മാത്രമേ വിദ്യാർഥികൾ ഗവേഷണം നടത്താവൂ എന്ന കാസർകോട് കേന്ദ്ര സർവകലാശാലയുടെ നിലപാടിനെ കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) സംസ്ഥാന സ്റ്റിയറിങ് കമ്മിറ്റി അപലപിച്ചു. കേന്ദ്ര മാനവ വിഭവ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം കേന്ദ്ര സർവകലാശാലകൾ നടപ്പാക്കുന്ന ഈ നിലപാട് നിക്ഷിപ്ത താൽപര്യം മുന്നിൽ കണ്ടാണ്.

സ്വന്തം അഭിരുചിക്കും സമൂഹത്തിലെ അവസ്ഥാന്തരങ്ങൾക്കും അനുസരിച്ചു രൂപപ്പെടേണ്ട ഗവേഷണ വിഷയങ്ങൾ മുൻകൂട്ടി തയാറാക്കുന്നതും ഗവേഷകർ അതിനു നിർബന്ധിതരാവുന്നതും ഗവേഷണോന്മുഖമല്ലാത്ത വിദ്യാർഥിസംസ്കാരം രൂപപ്പെടുത്തും.

രാജ്യാന്തര ഗവേഷകർ നൊബേൽ സമ്മാനത്തിനു വരെ പരിശ്രമിക്കുമ്പോൾ ഇന്ത്യൻ ഗവേഷകരെ ഇടുങ്ങിയ വിഷയങ്ങളിൽ ഒതുക്കി രാജ്യാന്തരതലത്തിൽ അപഹാസ്യരാക്കാൻ ശ്രമിക്കുന്ന കേന്ദ്ര നിലപാടിനെ പൊതുസമൂഹം ഒറ്റക്കെട്ടായി എതിർക്കണമെന്നും യോഗം ആവശ്യപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് ഡോ.യു.അബ്ദുൽകലാം, ഡോ.ജോബി കെ തോമസ്, ഡോ.ടി.മുഹമ്മദലി, ഡോ.സണ്ണി കെ ജോർജ്, ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ.ചെറിയാൻ ജോൺ, ഡോ. ജി.ജി എന്നിവർ പ്രസംഗിച്ചു.

# കേന്ദ്ര സർക്കാർ നീക്കം സ്വതന്ത്ര ഗവേഷണ സംസ്കാരം തകർക്കാൻ -കെ.പി.സി.ടി.എ.

**രാജപുരം** ▸ മുൻകൂട്ടി തയ്യാറാക്കുന്ന വിഷയങ്ങളിൽമാത്രമെ വിദ്യാർഥികൾ ഗവേഷണം നടത്താവൂ എന്ന കേരള കേന്ദ്ര സർവകലാശാലാ നിലപാട് അപലപനീയമെന്ന് കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (കെ.പി.സി.ടി.എ.). കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിൻെറ നിർദേശപ്രകാരം കേന്ദ്ര സർവകലാശാലകൾ നടപ്പാക്കുന്ന ഈ നിലപാട് നിക്ഷിപ്ത താത്പര്യം മുന്നിൽക്കണ്ടുകൊണ്ടാണെന്നും കെ.പി.സി.ടി.എ. സംസ്ഥാന സ്റ്റിയറിങ് കമ്മിറ്റി യോഗം ആരോപിച്ചു.

അഭിരുചിയും സാമൂഹികമാറ്റങ്ങളും ഉൾക്കൊണ്ട് രൂപപ്പെടുത്തേണ്ട ഗവേഷണ വിഷയങ്ങൾ ആരെങ്കിലും മുൻകൂട്ടി തയ്യാറാക്കി ഗവേഷകർ ഉപയോഗിക്കേണ്ടി വരുന്നത് ഗവേഷണോന്മുഖമല്ലാത്ത വിദ്യാർഥിസംസ്കാരം രൂപപ്പെടുത്താനേ ഉപകരിക്കുകയുള്ളൂവെന്ന് അസോസിയേഷൻ സംസ്ഥാന പ്രസിഡൻറ് ഡോ. അബ്ദുൽകലാം പറഞ്ഞു. രാജ്യാന്തര ഗവേഷകർ നൊബേൽ സമ്മാനത്തിനായി പരിശ്രമിക്കുമ്പോൾ ഇന്ത്യൻ ഗവേഷകർ മുൻകൂട്ടി തയ്യാറാക്കപ്പെട്ട ഇടുങ്ങിയ വിഷയങ്ങളിലേക്ക് ഒതുങ്ങി രാജ്യാന്തരതലത്തിൽ അപഹാസ്യരായിത്തീരുന്ന അവസ്ഥയൊരുക്കാൻ ശ്രമിക്കുന്ന കേന്ദ്രനിലപാട് പൊതുസമൂഹം ഒറ്റക്കെട്ടായി എതിർക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

ഡോ. ജോബി കെ.തോമസ്, ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ.ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജിജി എന്നിവർ സംസാരിച്ചു.

# ഗവേഷണ സംസ്കാരം തകർക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം അപലപനീയം: കെപിസിടിഎ

**രാജപുരം:** കേന്ദ്രം മുൻകൂട്ടി തയാറാക്കുന്ന വിഷയങ്ങളിൽ മാത്രമേ വിദ്യാർഥികൾ ഗവേഷണം നടത്താവൂ എന്ന കേരള കേന്ദ്ര സർവകലാശാല നിലപാട് അപലപനീയമെന്ന് കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ). സ്വന്തം അഭിരുചിക്കും സമൂഹത്തിലെ അവസ്ഥാന്തരങ്ങളും അനുസരിച്ച് രൂപപ്പെടുത്തേണ്ട ഗവേഷണ വിഷയങ്ങൾ ആരോ മുൻകൂട്ടി തയാറാക്കുന്നതും ഗവേഷകർ അവ ഉപയോഗിക്കുവാൻ നിർബന്ധിതരായി തീരുന്നതും ഗവേഷണോൻമുഖമല്ലാത്ത വിദ്യാർഥി സംസ്കാരം രൂപപ്പെടുത്തുന്നതിന് ഇടയാക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് ഡോ. അബ്ദുൽ കലാം അഭിപ്രായപ്പെട്ടു. ഡോ. യു. അബ്ദുൽകലാം, ഡോ. ജോബി കെ. തോമസ്, ഡോ. ടി. മുഹമ്മദലി, ഡോ. സണ്ണി കെ. ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജിജി എന്നിവർ പ്രസംഗിച്ചു.

# ഉന്നതവിദ്യാഭ്യാസ മേഖലയിലെ കോർപറേറ്റ് വത്കരണം തടയാൻ യുഡിഎഫിന് വോട്ടു ചെയ്യണം: കെപിസിടിഎ

**രാജപുരം:** വർഗീയതയും ഫാസിസവും നട്ടുവളർത്താൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഴിവിട്ട് പ്രവർത്തിക്കുമ്പോൾ ഭരണഘടനാ മൂല്യങ്ങൾ തകർന്നടിയുന്ന സാഹചര്യം ഉടലെടുക്കുന്നതായി കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) സംസ്ഥാന നിർവാഹക സമിതി യോഗം അറിയിച്ചു.

ഭരണഘടന അനുവദിച്ചു നൽകിയ അവകാശങ്ങൾ തട്ടിയെടുക്കാൻ ആരെയും അനുവദിക്കരുത്. ഇനിയൊരു തെരഞ്ഞെടുപ്പ് ഉണ്ടാകുമോ എന്നു പോലും സംശയം തോന്നിപ്പിക്കുന്ന രീതിയിൽ ഭരണകൂടം ഭീകരത അഴിച്ചുവിടുകയാണ്. നിഷ്പക്ഷരായ മാധ്യമപ്രവർത്തകരെ കൊന്നൊടുക്കിയത് അടക്കമുള്ള ഹീനകൃത്യങ്ങൾക്കെതിരെ ജനങ്ങൾ ഒന്നടങ്കം വിധി എഴുതണമെന്നും യുഡിഎഫിന് സർവവിധ പിന്തുണയും സംഘടന നൽകുന്നതായും സംസ്ഥാന പ്രസിഡന്റ് യു. അബ്ദുൾ കലാം പ്രസ്താവിച്ചു. രാഹുൽഗാന്ധി സ്ഥാനാർഥിയായി വന്നതോടെ കേരളം ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടു എന്നും അദ്ദേഹം കൂട്ടിച്ചേർത്തു .കൊലപാതക രാഷ്ട്രീയവും ചികിത്സാ സംവിധാനങ്ങളുടെ അപര്യാപ്തതയും വിശ്വാസ ആചാര അനുഷ്ഠാനങ്ങൾക്ക് നേരെയുള്ള കടന്നുകയറ്റം എതിർക്കപ്പെടാനും ജനാധിപത്യ മതേതര മൂല്യങ്ങൾ സംരക്ഷിക്കപ്പെടാനും നവകേരളം, പുരോഗമനാത്മകമായ രാജ്യം എന്നിവ സൃഷ്ടിക്കപ്പെടാനും കേന്ദ്രത്തിൽ കോൺഗ്രസ് നേതൃത്വം നൽകുന്ന മുന്നണി അധികാരത്തിൽ വരണമെന്ന് യോഗം വിലയിരുത്തി.

സ്വാതന്ത്ര്യ സമര ചരിത്രം വളച്ചൊടിക്കാനുള്ള ആസൂത്രിത നീക്കം, ഭരണഘടനാ സ്ഥാപനങ്ങളിലെ അപകടകരമായ സർക്കാർ നിയന്ത്രണം എന്നിവയെ പൊതുസമൂഹം ചെറുത്തു തോൽപ്പിക്കണമെന്ന് യോഗം ആഹ്വാനം ചെയ്തു. ജിഡിപിയുടെ ആറു ശതമാനം വിദ്യാഭ്യാസ വളർച്ചക്ക് നീക്കി വെക്കുമെന്ന കോൺഗ്രസ് പ്രകടനപത്രിക വളരെ പ്രതീക്ഷയോടെയാണ് സംഘടന നോക്കിക്കാണുന്നത്. യോഗത്തിൽ ഡോ.യു.അബ്ദുൾ കലാം, ഡോ. ജോബി കെ.തോമസ്, ഡോ.ടി.മുഹമ്മദലി, ഡോ.സണ്ണി കെ.ജോർജ്, ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ.ചെറിയാൻ ജോൺ, ഡോ.ജിജി എന്നിവർ സംസാരിച്ചു.

# യുഡിഎഫിനു പിന്തുണയുമായി കോളജ് അധ്യാപകർ

രാജപുരം ● ഉന്നത വിദ്യാഭ്യാസ മേഖലയിലെ കോർപറേറ്റ് വൽക്കരണം തടയാൻ യുഡിഎഫിനു വോട്ടു ചെയ്യണമെന്നു കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) സംസ്ഥാന നിർവാഹക സമിതി യോഗം. തിരഞ്ഞെടുപ്പിൽ യുഡിഎഫിനു പിന്തുണ നൽകുന്നതായും സംസ്ഥാന പ്രസിഡന്റ് യു.അബ്ദുൽ കലാം പ്രസ്താവിച്ചു. രാഹുൽഗാന്ധി സ്ഥാനാർഥിയായി വന്നതോടെ കേരളം ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടു കഴിഞ്ഞു.

കൊലപാതക രാഷ്ട്രീയം, ചികിത്സാ സംവിധാനങ്ങളുടെ അപര്യാപ്തത, വിശ്വാസ ആചാര അനുഷ്ഠാനങ്ങൾക്കു നേരെയുള്ള കടന്നുകയറ്റം എന്നിവ ഇല്ലാതാക്കാനും ജനാധിപത്യ -മതനിരപേക്ഷ മൂല്യങ്ങൾ സംരക്ഷിക്കപ്പെടാനും കേന്ദ്രത്തിൽ കോൺഗ്രസ് നേതൃത്വം നൽകുന്ന മുന്നണി അധികാരത്തിൽ വരണമെന്നു യോഗം വിലയിരുത്തി. ജിഡിപിയുടെ 6 ശതമാനം വിദ്യാഭ്യാസ വളർച്ചയ്ക്ക് നീക്കി വയ്ക്കുമെന്ന കോൺഗ്രസ് പ്രകടന പത്രിക പ്രതീക്ഷയോടെയാണ് സംഘടന നോക്കിക്കാണുന്നത്. ഡോ. ജോബി കെ തോമസ്, ഡോ.ടി.മുഹമ്മദലി, ഡോ.സണ്ണി കെ ജോർജ്, ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ.ചെറിയാൻ ജോൺ, ഡോ. ജിജി എന്നിവർ പ്രസംഗിച്ചു.

# സംസ്ഥാന സർക്കാർ വഞ്ചിച്ചു: കെപിസിടിഎ

രാജപുരം ● സംസ്ഥാന സർക്കാരിന്റെ ക്ഷാമബത്ത കുടിശിക വാഗ്ദാനത്തിലൂടെ ജീവനക്കാർ വഞ്ചിക്കപ്പെട്ടതായി കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) സംസ്ഥാന നിർവാഹക സമിതി യോഗം ആരോപിച്ചു. ജീവനക്കാർക്കു ക്ഷാമബത്ത പണമായി നൽകുമെന്നു തിരഞ്ഞെടുപ്പിനു മുൻപു പറഞ്ഞ സർക്കാർ തിരഞ്ഞെടുപ്പിനുശേഷം നിലപാടു മാറ്റി. തിരഞ്ഞെടുപ്പു കഴിഞ്ഞു തൊട്ടടുത്ത ദിവസം തന്നെ നടത്തിയ വാഗ്ദാന ലംഘനത്തിൽ യോഗം പ്രതിഷേധിച്ചു. തിരഞ്ഞെടുപ്പിനു മുൻപു നൽകിയ വാഗ്ദാനം പാലിക്കാൻ തയാറാകണമെന്നും ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് ഡോ. യു.അബ്ദുൽകലാം, ഡോ. ജോബി കെ.തോമസ്, ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ.ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.

# ക്ഷാമബത്ത കുടിശിക വാഗ്ദാനത്തിലൂടെ ജീവനക്കാർ വഞ്ചിക്കപ്പെട്ടു: കെപിസിടിഎ

**രാജപുരം:** തെരഞ്ഞെടുപ്പിന് മുൻപ് ക്ഷാമബത്ത സംസ്ഥാന സർക്കാർ ജീവനക്കാർക്ക് കാഷ് ആയി നൽകും എന്നും തെരഞ്ഞെടുപ്പിനുശേഷം ക്ഷാമബത്ത കുടിശിക ഇപ്പോൾ നൽകാൻ കഴിയില്ല എന്നും രണ്ടുതരത്തിലുള്ള നിലപാടുകൾ കൈകൊണ്ട് സർക്കാർ ജീവനക്കാരെ വഞ്ചിക്കുകയാണെന്ന് കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) സംസ്ഥാന നിർവാഹക സമിതി യോഗം ആരോപിച്ചു.

തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടു ജീവനക്കാരെ വഞ്ചിക്കുക എന്നുള്ള സമീപനം കൈക്കൊണ്ട സർക്കാരാണ് ഇപ്പോൾ കേരളം ഭരിക്കുന്നത്. തെരഞ്ഞെടുപ്പ് കഴിഞ്ഞ് തൊട്ടടുത്ത ദിവസം തന്നെ നടത്തപ്പെട്ട വാഗ്ദാനലംഘനം വളരെ അപൂർവവും തൊഴിലാളി വിരുദ്ധവുമാണ്. വിഷയത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതായി സംസ്ഥാന പ്രസിഡന്റ് ഡോ. യു. അബ്ദുൽകലാം പറഞ്ഞു. ഇത്തരം സമീപനങ്ങളിൽനിന്ന് സർക്കാർ പിന്തിരിയണമെന്നും തെരഞ്ഞെടുപ്പിന് മുൻപ് സർക്കാർ കൈക്കൊണ്ട നിലപാടും വാഗ്ദാനവും പാലിക്കാൻ തയാറാകണമെന്നും യോഗം ആവശ്യപ്പെട്ടു. ഡോ.ജോബി കെ. തോമസ്, ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ.ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജിജി എന്നിവർ സംസാരിച്ചു.

# സംസ്ഥാന സർക്കാർ വഞ്ചിച്ചു: കെപിസിടിഎ

രാജപുരം ● സംസ്ഥാന സർക്കാരിന്റെ ക്ഷാമബത്ത കുടിശിക വാഗ്ദാനത്തിലൂടെ ജീവനക്കാർ വഞ്ചിക്കപ്പെട്ടതായി കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) സംസ്ഥാന നിർവാഹക സമിതി യോഗം ആരോപിച്ചു. ജീവനക്കാർക്കു ക്ഷാമബത്ത പണമായി നൽകുമെന്നു തിരഞ്ഞെടുപ്പിനു മുൻപു പറഞ്ഞ സർക്കാർ തിരഞ്ഞെടുപ്പിനുശേഷം നിലപാടു മാറ്റി. തിരഞ്ഞെടുപ്പു കഴിഞ്ഞു തൊട്ടടുത്ത ദിവസം തന്നെ നടത്തിയ വാഗ്ദാന ലംഘനത്തിൽ യോഗം പ്രതിഷേധിച്ചു. തിരഞ്ഞെടുപ്പിനു മുൻപു നൽകിയ വാഗ്ദാനം പാലിക്കാൻ തയാറാകണമെന്നും ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് ഡോ. യു.അബ്ദുൽകലാം, ഡോ. ജോബി കെ.തോമസ്, ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ.ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ തുടങ്ങിയവർ പ്രസംഗിച്ചു.



# ഏഴാം ശമ്പള സ്കെയിൽ അടിയന്തരമായി നടപ്പാക്കണം -കെ.പി.സി.ടി.എ.

രാജപുരം ▸ കോളേജ് അധ്യാപകർക്ക് യു.ജി.സി. നിർദേശമനുസരിച്ചുള്ള ഏഴാം ശമ്പള സ്കെയിൽ സർക്കാർ നടപ്പാക്കാൻ വൈകുന്നതിനെതിരേ പ്രതിഷേധവുമായി കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (കെ.പി.സി.ടി.എ.). ഇതിനെതിരേ യു.ജി.സി.യെ സമീപിക്കാനാണ് കെ.പി.സി.ടി.എ. സംസ്ഥാന നിർവാഹക സമിതി യോഗത്തിന്റെ തീരുമാനം. 10 വർഷത്തിലൊരിക്കൽ പരിഷ്കരിക്കേണ്ടിയിരുന്ന ശമ്പള സ്കെയിൽ 12 വർഷത്തിനുശേഷമാണ് യു.ജി.സി. കഴിഞ്ഞവർഷം പരിഷ്കരിച്ചത്. തുടർന്ന് സംസ്ഥാന സർക്കാർ വീണ്ടും ഇത് വൈകിപ്പിക്കാൻ നീക്കം നടത്തുകയാണെന്നും ഈ നിലപാട് അധ്യാപകവിരുദ്ധമാണെന്നും കെ.പി.സി.ടി.എ. യോഗം ആരോപിച്ചു.

നെറ്റ്, എം.ഫിൽ, പിഎച്ച്.ഡി. യോഗ്യതകൾ കരസ്ഥമാക്കി താഴ്ന്ന ശമ്പള സ്കെയിലിൽ ജോലിചെയ്യേണ്ടതായി വരുന്ന കോളേജ് അധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്നും യോഗം ആവശ്യപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് ഡോ. യു.അബ്ദുൾ കലാം അധ്യക്ഷത വഹിച്ചു. ഡോ. ജോബി കെ.തോമസ്, ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ.ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജിജി എന്നിവർ സംസാരിച്ചു.

# ഏഴാം ശമ്പള സ്കെയിൽ നിബന്ധന അട്ടിമറിച്ചതിനെതിരെ കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ

രാജപുരം ● ഏഴാം ശമ്പള സ്കെയിൽ മാർച്ച് 1ന് നൽകി തുടങ്ങണമെന്ന യുജിസി നിബന്ധന അട്ടിമറിച്ച സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) സംസ്ഥാന നിർവാഹക സമിതി യോഗം. പ്രശ്നം യുജിസിയുടെ ശ്രദ്ധയിൽ കൊണ്ടു വരുമെന്നും സംഘടന അറിയിച്ചു.

2019 ജൂൺ മാസം മുതൽ ഏഴാം ശമ്പള സ്കെയിൽ കോളജ്, സർവകലാശാല അധ്യാപകർക്ക് നൽകി തുടങ്ങുമെന്ന് ധനമന്ത്രി ലോക്സഭ തിരഞ്ഞെടുപ്പിനു മുൻപ് പ്രസ്താവിച്ചിരുന്നു.

എന്നാൽ 2020 ജൂൺ മാസത്തിൽ നൽകുമെന്നാണ് സർക്കാരിന്റെ ഇപ്പോഴത്തെ നിലപാട്. 2016 ജനുവരി 1മുതൽ നൽകേണ്ട ശമ്പളമാണ് സംസ്ഥാന സർക്കാർ തടഞ്ഞു വയ്ക്കുന്നതെന്നും ഈ നിലപാട് അധ്യാപക വിരുദ്ധമാണെന്നും സംസ്ഥാന പ്രസിഡന്റ് ഡോ.യു.അബ്ദുൽകലാം പ്രസ്താവിച്ചു.

സംസ്ഥാന ജീവനക്കാരുടെ ശമ്പളം 5 വർഷത്തെ ഇടവേളകളിൽ പരിഷ്കരിക്കുന്ന സംവിധാനം ഉള്ളപ്പോൾ 14 വർഷം മുൻപത്തെ ശമ്പള സ്കെയിലിൽ ആണ് കോളജ് അധ്യാപകർ ജോലി ചെയ്യുന്നത് എന്നത് പ്രതിഷേധാർഹമാണ്. ഡോ.ജോബി കെ തോമസ്, ഡോ.ടി.മുഹമ്മദലി, ഡോ. സണ്ണി കെ ജോർജ്, ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ.ചെറിയാൻ ജോൺ, ഡോ.ജി. ജി എന്നിവർ പ്രസംഗിച്ചു.

# മന്ത്രിയുടെ പരാമർശം പ്രതിഷേധാർഹം -കെ.പി.സി.ടി.എ.

രാജപുരം ▶ എയ്ഡഡ് കോളേജ് അധ്യാപകർക്കെതിരേ മന്ത്രി കെ.ടി.ജലീൽ നടത്തിയ പരാമർശം പ്രതിഷേധാർഹമെന്ന് കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ(കെ.പി.സി.ടി.എ.). എയ്ഡഡ് കോളേജ് അധ്യാപകർ കോഴകൊടുത്ത് ജോലിനേടിയവരാണെന്നും സർവകലാശാല സ്റ്റാറ്റ്യൂട്ടറി തസ്തികകളിൽ നിയമനം നേടാൻ യോഗ്യരല്ലെന്നും നിയമസഭയിൽ നടത്തിയ പ്രസ്താവന പിൻവലിക്കണമെന്ന് കെ.പി.സി.ടി.എ. സംസ്ഥാനസമിതിയോഗം ആവശ്യപ്പെട്ടു. കണ്ണൂർ സർവകലാശാല മുൻ രജിസ്ട്രാർ ബാലചന്ദ്രൻ കീഴോത്തിൻെറ ആനുകൂല്യങ്ങളം തടയുമെന്നു പറഞ്ഞത് അംഗീകരിക്കാനാവില്ലെന്നും യോഗം അറിയിച്ചു. ഏഴാം ശമ്പളക്കമ്മിഷൻ നടപ്പിലാക്കുന്നത് വൈകിപ്പിക്കുന്ന സർക്കാർ നിലപാടിനെതിരേ സമരം തുടങ്ങാനും സംസ്ഥാന കമ്മിറ്റിയോഗം തീരുമാനിച്ചു.

പ്രസിഡൻറ് ഡോ. യു.അബ്ദുറം കലാം അധ്യക്ഷത വഹിച്ചു. ഡോ. ജോബി കെ.തോമസ്, ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ.ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജി.ജീ എന്നിവർ സംസാരിച്ചു.

KNR 2019 ജൂൺ 17 തിങ്കൾ ദീപിക

# എയ്ഡഡ് കോളജ് അധ്യാപകരെ മന്ത്രി ആക്ഷേപിച്ചത് പ്രതിഷേധാർഹം: കെപിസിടിഎ

**രാജപുരം:** കേരളത്തിലെ എയ്ഡഡ് കോളജ് അധ്യാപകരെല്ലാം കോഴപ്പണം കൊടുത്ത് ജോലി വാങ്ങുന്നവരാണെന്നും എയ്ഡഡ് കോളജ് അധ്യാപകർ സർവകലാശാല സ്റ്റാറ്റ്യൂട്ടറി തസ്തികകളിൽ നിയമനം നേടാൻ യോഗ്യരല്ലെന്നും കണ്ണൂർ സർവകലാശാല മുൻ രജിസ്ട്രാർ ബാലചന്ദ്രൻ കീഴോത്തിന്റെ അവകാശപ്പെട്ട എല്ലാ ആനുകൂല്യങ്ങളും തടയുമെന്ന് ഭീഷണിപ്പെടുത്തിയും മന്ത്രി കെ.ടി.ജലീൽ നിയമസഭയിൽ നടത്തിയ പ്രസ്താവന പിൻവലിക്കണമെന്ന് കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) ആവശ്യപ്പെട്ടു.

കേരളത്തിൽ നാക് അക്രഡിറ്റേഷനിൽ ഇതര മേഖലകളെ താരതമ്യപ്പെടുത്തുമ്പോൾ എയ്ഡഡ് കോളജാണ് മുൻപന്തിയിൽ. എംഫിലും പിഎച്ച്ഡിയും അടക്കം ഉന്നതമായ യോഗ്യതകൾ ഉള്ളവരാണ് എയ്ഡഡ് കോളജ് അധ്യാപകർ. മൂല്യനിർണയ ക്യാമ്പുകളിൽ കൃത്യമായി അധ്യാപകർ പങ്കെടുക്കുന്നതുകൊണ്ടാണ് പരീക്ഷാഫലം സമയബന്ധിതമായി പുറത്തുവരുന്നത്. തെറ്റിദ്ധാരണ പരത്തുന്നതും അപക്വവുമായ മന്ത്രിയുടെ പ്രസ്താവന ഉടൻ പിൻവലിക്കണമെന്ന് സംസ്ഥാന പ്രസിഡന്റ് ഡോ.യു.അബ്ദുൾ കലാം ആവശ്യപ്പെട്ടു. കേരള സർവകലാശാല മൂല്യനിർണയ ക്യാമ്പുകളിൽ മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ അനധികൃതമായി കടന്നുചെന്നതിൽ ദുരൂഹതയുണ്ടെന്ന പി.ടി. തോമസ് എംഎൽഎയുടെ പ്രസ്താവനയുടെ വെളിച്ചത്തിൽ കൂടുതൽ അന്വേഷണം നടത്തണമെന്നും സംഘടന ആവശ്യപ്പെട്ടു.

കണ്ണൂർ സർവകലാശാല രജിസ്ട്രാറിനെ പുറത്താക്കാൻ ഉപയോഗിച്ച ഓർഡിനൻസ് സ്വജനപക്ഷപാതത്തിന് സർക്കാരിന് അവസരമുണ്ടാക്കുമെന്നും ഇന്ത്യയിൽ മറ്റൊരു സർവകലാശാലയിലും നിലവിലില്ലാത്ത ഈ നിയമം ഉടൻ പിൻവലിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. അധ്യാപകരെ അധിക്ഷേപിക്കുമ്പോൾത്തന്നെ പതിനാല് വർഷം മുമ്പുള്ള കോളജ് അധ്യാപകരുടെ ശമ്പളസ്കെയിൽ പരിഷ്കരിക്കുന്നതിനെക്കുറിച്ചും 2019 ജനുവരി മാസത്തിനു മുമ്പ് നടപ്പിലാക്കേണ്ട 2018 യുജിസി റെഗുലേഷൻ, അധ്യാപകരുടെ പ്രമോഷൻ എന്നിവയെക്കുറിച്ചും മന്ത്രി മൗനംപാലിക്കുകയാണെന്നും യോഗം ആരോപിച്ചു. ഏഴാം ശമ്പള കമ്മീഷൻ നടപ്പിൽ വരുത്താത്ത പക്ഷപാതപരമായ സർക്കാർ നിലപാടിനെതിരെ ഉടൻ പ്രക്ഷോഭം ആരംഭിക്കുമെന്നും സംഘടന അറിയിച്ചു. ഡോ.യു.അബ്ദുൽകലാം, ഡോ. ജോബി കെ.തോമസ്, ഡോ.ടി.മുഹമ്മദലി, ഡോ. സണ്ണി കെ.ജോർജ്, ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ.ചെറിയാൻ ജോൺ, ഡോ.ജിജി എന്നിവർ പ്രസംഗിച്ചു.

# കെപിസിടിഎ നിരാഹാരസമരം ജൂലൈ നാലിന്

**രാജപുരം:** 14 വർഷത്തോളം മുമ്പുള്ള യുജിസി ശമ്പള സ്കെയിൽ പുതുക്കി നിർണയിക്കുന്നതിൽ സർക്കാർ കാണിക്കുന്ന അലംഭാവത്തിൽ പ്രതിഷേധിച്ച് കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) സംസ്ഥാനവ്യാപകമായി നിരാഹാരസമരം നടത്തുന്നു.

ജൂലൈ നാലിനു കേരളത്തിലെ എല്ലാ കോളജ് അധ്യാപകരും ഉച്ചഭക്ഷണം കഴിക്കാതെ പ്രതിഷേധ സമരത്തിൽ പങ്കാളികളാകണമെന്ന് സംസ്ഥാന പ്രസിഡന്റ് ഡോ. യു. അബ്ദുൾ കലാം ആഹ്വാനം ചെയ്തു. ജൂലൈ നാലിന് എല്ലാ അധ്യാപകരും സ്വന്തം കോളജുകളിൽ ജോലിക്ക് ഹാജരാകണമെന്നും ഭക്ഷണം വെടിഞ്ഞുകൊണ്ട് മുഴുവൻസമയ ജോലി ചെയ്യണമെന്നും കെപിസിടിഎ സംസ്ഥാന പ്രവർത്തക സമിതി യോഗം ആവശ്യപ്പെട്ടു.

2019 ജൂൺ മാസം മുതൽ ഏഴാം ശമ്പള സ്കെയിൽ അധ്യാപകർക്ക് ബാധകമാക്കുമെന്ന് ഇലക്ഷന് മുൻപ് പ്രസ്താവിച്ച ധനമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും ഇലക്ഷന് ശേഷം എടുത്ത അധ്യാപകവിരുദ്ധ നിലപാട് അപഹാസ്യകരമാണെന്ന് യോഗം വിലയിരുത്തി. സംസ്ഥാന ജീവനക്കാർക്ക് അഞ്ചുവർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം നടത്തുമ്പോഴാണ് കോളജ് അധ്യാപകരോട് ഈ വിവേചനം. സംസ്ഥാന ജീവനക്കാരുടെ 2014ലെ റിവിഷന് ശേഷം 2019ലെ ശമ്പള റിവിഷൻ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

യുജിസിയുടെ 2018 ലേ ശമ്പള പരിഷ്കരണം ഇതര സംസ്ഥാനങ്ങളിൽ നടപ്പിലാക്കി കഴിഞ്ഞിട്ടും സംസ്ഥാന സർക്കാർ ഒളിച്ചുകളിക്കുകയാണ്. സർക്കാർ നിലപാട് തിരുത്തിയില്ലെങ്കിൽ ശക്തമായ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കുമെന്ന് കെപിസിടിഎ സംസ്ഥാന ഭാരവാഹികളായ ഡോ.യു. അബ്ദുൾ കലാം, ഡോ. ജോബി കെ. തോമസ്, ഡോ. ടി. മുഹമ്മദലി, പ്രഫ. സണ്ണി കെ. ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജിജി എന്നിവർ അറിയിച്ചു.

# ശമ്പളപരിഷ്കരണം വൈകുന്നു; കോളേജ് അധ്യാപകർ ഭക്ഷണം ബഹിഷ്കരിച്ച് ജോലിചെയ്യും

**രാജപുരം ▸** യു.ജി.സി. ശമ്പള സ്കെയിൽ പുതുക്കിനിർണയിക്കുന്നതിൽ സർക്കാർ കാണിക്കുന്ന അലംഭാവത്തിൽ പ്രതിഷേധിച്ച് കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (കെ.പി.സി.ടി.എ.) ഉച്ചഭക്ഷണം ബഹിഷ്കരിച്ച് സമരം നടത്തും. പ്രതിഷേധത്തിന്റെ ഭാഗമായി അടുത്ത മാസം നാലിനാണ് സംസ്ഥാനവ്യാപകമായി അധ്യാപകർ ഉച്ചഭക്ഷണം കഴിക്കാതെ സമരം നടത്താൻ സംസ്ഥാന പ്രവർത്തക സമിതിയോഗം തീരുമാനിച്ചത്.

തിരഞ്ഞെടുപ്പിനു മുൻപ് ജൂൺ മുതൽ ഏഴാം ശമ്പളസ്കെയിൽ അധ്യാപകർക്ക് ബാധകമാക്കുമെന്ന് സംസ്ഥാന ധനമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും പറഞ്ഞിരുന്നു. എന്നാൽ, ഇപ്പോഴത്തെ നിലപാട് അപഹാസ്യമാണെന്ന് യോഗം ആരോപിച്ചു. കഴിഞ്ഞ 14 വർഷമായി ശമ്പള സ്കെയിൽ പുതുക്കിയിട്ടില്ല. സംസ്ഥാനജീവനക്കാർക്ക് അഞ്ചു വർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം നടത്തുമ്പോഴാണ് കോളേജ് അധ്യാപകരോട് ഈ വിവേചനം. 2018-ലെ യു.ജി.സി. ശമ്പളപരിഷ്കരണം മറ്റു സംസ്ഥാനങ്ങളിൽ നടപ്പാക്കി. എന്നാൽ, സംസ്ഥാനസർക്കാർ ഇപ്പോഴും ഇതിന് തയ്യാറായിട്ടില്ലെന്ന് സംസ്ഥാന പ്രസിഡൻറ് ഡോ. യു.അബ്ദുൽകലാം അറിയിച്ചു. ഡോ. ജോബി കെ.തോമസ്, ഡോ. ടി.മുഹമ്മദലി, പ്രൊഫ. സണ്ണി കെ.ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജി. ജീ എന്നിവർ സംസാരിച്ചു.

# ജൂലൈ നാലിനു കോളജ് അധ്യാപകരുടെ നിരാഹാരം

രാജപുരം ● 14 വർഷം മുൻപുള്ള യുജിസി ശമ്പള സ്കെയിൽ പുതുക്കി നിർണയിക്കുന്നതിൽ സർക്കാർ കാണിക്കുന്ന അലംഭാവത്തിൽ പ്രതിഷേധിച്ച് കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ ) സംസ്ഥാന വ്യാപകമായി ജൂലൈ 4ന് നിരാഹാര സമരം നടത്തും. കേരളത്തിലെ എല്ലാ കോളജ് അധ്യാപകരും ആ ദിവസം ഉച്ചഭക്ഷണം കഴിക്കാതെ പ്രതിഷേധ സമരത്തിൽ പങ്കാളികളാകുമെന്നു സംസ്ഥാന പ്രസിഡന്റ് ഡോ.യു.അബ്ദുൽകലാം പറഞ്ഞു. യുജിസിയുടെ 2018 ലെ ശമ്പളപരിഷ്കരണം ഇതര സംസ്ഥാനങ്ങളിൽ നടപ്പാക്കിയിട്ടും കേരള സർക്കാർ ഒളിച്ചു കളിക്കുകയാണെന്നു കെപിസിടിഎ സംസ്ഥാന പ്രവർത്തക സമിതി യോഗം കുറ്റപ്പെടുത്തി. സർക്കാർ നിലപാടു തിരുത്തിയില്ലെങ്കിൽ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കും. ഡോ.ജോബി കെ തോമസ്, ഡോ.ടി മുഹമ്മദലി, പ്രഫ.സണ്ണി കെ. ജോർജ്, ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ.ചെറിയാൻ ജോൺ, ഡോ.ജി. ജി എന്നിവർ പ്രസംഗിച്ചു.

# കോളജ് അധ്യാപകരുടെ സമരം പിൻവലിച്ചു

രാജപുരം ● യുജിസി ശമ്പള പരിഷ്കരണം സർക്കാർ നടപ്പാക്കിയ സാഹചര്യത്തിൽ, ജൂലൈ 4നു നടത്താനിരുന്ന നിരാഹാരസമരം പിൻവലിച്ചതായികേരളപ്രൈവറ്റ് കോളജ്ടീച്ചേഴ്സ്അസോസിയേഷൻ (കെപിസിടിഎ) സംസ്ഥാന പ്രസിഡന്റ് ഡോ.യു.അബ്ദുൽ കലാം അറിയിച്ചു. ശമ്പള പരിഷ്കരണം സ്വാഗതം ചെയ്യുന്നതായും അദ്ദേഹം പറഞ്ഞു. ശമ്പള പരിഷ്കരണ ഉത്തരവിൽ അവ്യക്തതകളുണ്ട്. അവ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും സംസ്ഥാന നിർവാഹക സമിതി യോഗം തീരുമാനിച്ചു. ഡോ.കെ.ജോബി തോമസ്, ഡോ.ടി.മുഹമ്മദലി, ഡോ.സണ്ണി കെ ജോർജ്, ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ.ചെറിയാൻ ജോൺ, ഡോ.ജി. ജി എന്നിവർ പ്രസംഗിച്ചു.

# ശമ്പളപരിഷ്കരണം നടപ്പായി; കെ.പി.സി.ടി.എ. സമരം ഉപേക്ഷിച്ചു

**രാജപുരം** ▸ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (കെ.പി.സി.ടി.എ.) ജൂലായ് നാലിന് ഉച്ചഭക്ഷണം ബഹിഷ്കരിച്ച് നടത്താനിരുന്ന സമരം പിൻവലിച്ചു. യു.ജി.സി. നിർദേശപ്രകാരമുള്ള കോളേജ് അധ്യാപകരുടെ ശമ്പളപരിഷ്കരണം സർക്കാർ നടപ്പാക്കിയതിനെ തുടർന്നാണിത്.

ശമ്പളപരിഷ്കരണം നടപ്പാക്കിയെങ്കിലും ഉത്തരവിൽ ധാരാളം അവ്യക്തതകളം ഉണ്ട്. ഇക്കാര്യം സർക്കാരിൻെറ ശ്രദ്ധയിൽ കൊണ്ടുവരും. പിഎച്ച്.ഡി., എം.ഫിൽ. ഇൻക്രിമെൻറ്, പെൻഷൻ പരിഷ്കരണം, കുടിശ്ശിക പ്രശ്നം തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്താൻ സർക്കാർ ഇടപെടണമെന്നും കെ.പി.സി.ടി.എ. സംസ്ഥാന നിർവാഹകസമിതി യോഗം ആവശ്യപ്പെട്ടു. സംസ്ഥാന പ്രസിഡൻറ് ഡോ. യു.അബ്ദുൾകലാം, ഡോ. ജോബി തോമസ്, ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ .ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജി.ജീ എന്നിവർ സംസാരിച്ചു.

**ഉത്തരക്കടലാസുകൾ കണ്ടെത്തിയ സംഭവം**

# കർശനനടപടി സ്വീകരിക്കണം -കെ.പി.സി.ടി.എ.

**രാജപുരം** ▶ യൂണിവേഴ്സിറ്റി കോളേജിലെ സംഭവങ്ങൾക്ക് പിന്നാലെ കേരള സർവകലാശാലയുടെ ഉത്തരക്കടലാസുകൾ പ്രതിയുടെ വീട്ടിൽനിന്ന് കണ്ടെത്തിയ സംഭവം അപമാനകരമാണെന്ന് കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (കെ.പി.സി.ടി.എ.). ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത ഗുരുതര വീഴ്ചയാണ് പരീക്ഷാവിഭാഗത്തിൻെറ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്.

പ്രശ്നത്തിൻെറ ഗൗരവം മനസ്സിലാക്കി കർശന നടപടികൾ സ്വീകരിക്കാൻ അധികൃതർ തയ്യാറാകണം. തുടർച്ചയായ ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ രക്ഷിതാക്കളും അധ്യാപകരും വിദ്യാർഥികളും പൊതുസമൂഹവും ആശങ്കാകുലരാണെന്നും സംസ്ഥാന നിർവാഹകസമിതി യോഗം വിലയിരുത്തി. നിഷ്പക്ഷവും നീതിപൂർവവുമായ രീതിയിൽ സമഗ്രാന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണമെന്നും ഗവർണർ പ്രശ്നത്തിൽ ഇടപെടണമെന്നും യോഗം ആവശ്യപ്പെട്ടു.

ഡോ. യു.അബ്ദുൽകലാം, ഡോ. ജോബി കെ.തോമസ്, ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ.ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജി.ജീ എന്നിവർ സംസാരിച്ചു.

# കർശന നടപടി സ്വീകരിക്കണം'

**രാജപുരം** ● യൂണിവേഴ്സിറ്റി കോളജിലെ സംഭവവികാസങ്ങളുടെ പിന്നാലെ കേരള സർവകലാശാലയുടെ ഉത്തരക്കടലാസുകൾ എസ്എഫ്ഐ നേതാക്കളുടെ വീട്ടിൽ നിന്നും കണ്ടെത്തിയ സംഭവം അപമാനകരമെന്ന് കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ). ഗുരുതര വീഴ്ചയാണ് പരീക്ഷാ വിഭാഗത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായതെന്നും പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ട് കർശന നടപടികൾ സ്വീകരിക്കണമെന്നും സംസ്ഥാന പ്രസിഡന്റ് ഡോ.യു.അബ്ദുൽ കലാം പ്രസ്താവിച്ചു.

തുടർച്ചയായ ആരോപണങ്ങളുടെ പശ്ചാത്തലത്തിൽ രക്ഷിതാക്കളും അധ്യാപകരും വിദ്യാർഥികളും പൊതുസമൂഹവും ആശങ്കാകുലരാണെന്നു സംസ്ഥാന നിർവാഹക സമിതി വിലയിരുത്തി. നിഷ്പക്ഷവും നീതിപൂർവവുമായ സമഗ്ര അന്വേഷണം പ്രഖ്യാപിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

ഡോ.ജോബി കെ തോമസ്, ഡോ.ടി.മുഹമ്മദലി, ഡോ.സണ്ണി കെ ജോർജ്, ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ.ചെറിയാൻ ജോൺ, ഡോ ജി. ജി എന്നിവർ പ്രസംഗിച്ചു.

# മെഡിസെപ് ചൂഷണം: കെപിസിടിഎ

**രാജപുരം:** മെഡിസെപ് എന്നപേരിൽ സർക്കാർ ഉദ്യോഗസ്ഥർക്കും അധ്യാപകർക്കും ലഭ്യമായിരുന്ന ചികിത്സ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയാണ്. ചികിത്സയ്ക്കു ശേഷം ലഭ്യമായിരുന്ന അവകാശങ്ങൾ നിഷ്കരുണം നിഷേധിച്ചുകൊണ്ട് നടപ്പിലാക്കിയ മെഡിസെപ് പദ്ധതി സർക്കാർ ഉദ്യോഗസ്ഥരുടെയും അധ്യാപകരുടെയും കണ്ണിൽ പൊടിയിടാൻ മാത്രമായി കൊണ്ടുവന്നതാണെന്ന് കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ ) സംസ്ഥാന നിർവാഹകസമിതി യോഗം വിലയിരുത്തി.

റിലയൻസിനെ കുറ്റപ്പെടുത്തി അധികാരത്തിൽ വന്ന സർക്കാർ പ്രഖ്യാപിതമായ നിലപാടിൽ നിന്നും ആവശ്യാനുസരണം പിന്മാറുന്നത് മെഡിസെപ് പദ്ധതിയിലൂടെ വ്യക്തമായതായി സംസ്ഥാന പ്രസിഡന്റ് ഡോ യു.അബ്ദുൾ കലാം അറിയിച്ചു . സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ ആശുപത്രികളെയും ഉൾപ്പെടുത്തി പദ്ധതി പുനരാവിഷ്കരിച്ചില്ലെങ്കിൽ, ചൂഷണത്തിൽ ഇരകളായ എല്ലാവരേയും ഉൾക്കൊള്ളിച്ച് ശക്തമായ സംയുക്ത സമരം സംസ്ഥാന സർക്കാർ നേരിടേണ്ടി വരുമെന്ന് കെപിസിടിഎ സംസ്ഥാന നേതൃത്വം അറിയിച്ചു.

ഡോ യു.അബ്ദുൾ കലാം, ഡോ.ജോബി കെ.തോമസ്, ഡോ.ടി.മുഹമ്മദലി, ഡോ.സണ്ണി കെ. ജോർജ്, ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ.ചെറിയാൻ ജോൺ,ഡോ.ജിജി എന്നിവർ സംസാരിച്ചു.

# മെഡിസെപ് പദ്ധതിയിലൂടെ സർക്കാർ നടത്തുന്നത് ചൂഷണം -കെ.പി.സി.ടി.എ.

**രാജപുരം** ▸ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് (മെഡിസെപ്) പദ്ധതിയിലൂടെ അനുകൂല്യം ലഭ്യമാക്കുന്നതിന് പകരം ചൂഷണമാണ് നടക്കുകയെന്ന് കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (കെ.പി.സി.ടി.എ.) സംസ്ഥാന നിർവാഹകസമിതി യോഗം. സർക്കാർ ഉദ്യോഗസ്ഥർക്കും അധ്യാപകർക്കും ലഭ്യമായിരുന്ന ചികിത്സാ ആനുകൂല്യങ്ങൾ നിഷേധിക്കുകയാണ് പദ്ധതിയിലൂടെ ചെയ്യുന്നത്. സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ ആസ്പത്രികളെയും ഉൾപ്പെടുത്തി പദ്ധതി പുനഃക്രമീകരിച്ചില്ലെങ്കിൽ ശക്തമായ സമരത്തിന് നേതൃത്വം നൽകാനും യോഗം തീരുമാനിച്ചു. സംസ്ഥാന പ്രസിഡൻറ് ഡോ. യു.അബ്ദുൾകലാം അധ്യക്ഷതവഹിച്ചു. ഡോ. ജോബി കെ.തോമസ്, ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ.ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജിജി എന്നിവർ സംസാരിച്ചു.

# മെഡിസെപിനെതിരെ പ്രതിഷേധം

രാജപുരം ● സർക്കാർ ഉദ്യോഗസ്ഥർക്കും അധ്യാപകർക്കും ലഭ്യമായിരുന്ന ചികിത്സാ ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ട് നടപ്പിലാക്കിയ മെഡിസെപ് പദ്ധതി ഉദ്യോഗസ്ഥരുടെയും അധ്യാപകരുടെയും കണ്ണിൽ പൊടിയിടാനാണെന്നു കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ ) സംസ്ഥാന നിർവാഹക സമിതി യോഗം. റിലയൻസിനെ കുറ്റപ്പെടുത്തി അധികാരത്തിൽ വന്ന സർക്കാർ പ്രഖ്യാപിത നിലപാടിൽ നിന്നും പിന്മാറുന്നതു മെഡിസെപ് പദ്ധതിയിലൂടെ വ്യക്തമായതായി സംസ്ഥാന പ്രസിഡന്റ് ഡോ.യു. അബ്ദുൽ കലാം പറഞ്ഞു.

പ്രധാനപ്പെട്ട ആശുപത്രികളെ ഉൾപ്പെടുത്തി പദ്ധതി പുനരാവിഷ്കരിക്കണം. ഇല്ലെങ്കിൽ ശക്തമായ സംയുക്ത സമരം സംസ്ഥാന സർക്കാർ നേരിടേണ്ടി വരുമെന്ന് കെപിസിടിഎ സംസ്ഥാന നേതൃത്വം അറിയിച്ചു. ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ.ചെറിയാൻ ജോൺ, ഡോ.ജി. ജി, ഡോ.ജോബി കെ തോമസ്, ഡോ.ടി.മുഹമ്മദലി, ഡോ.സണ്ണി കെ ജോർജ് എന്നിവർ പ്രസംഗിച്ചു.

# ‘മെഡിസെപ് പദ്ധതി കണ്ണിൽ പൊടിയിടാൻ’

രാജപുരം • സർക്കാർ ഉദ്യോഗസ്ഥർക്കും അധ്യാപകർക്കും ലഭ്യമായിരുന്ന ചികിത്സാ ആനുകൂല്യങ്ങൾ നിഷേധിച്ചുകൊണ്ട് നടപ്പിലാക്കിയ മെഡിസെപ് പദ്ധതി ഉദ്യോഗസ്ഥരുടെയും അധ്യാപകരുടെയും കണ്ണിൽ പൊടിയിടാനാണെന്നു കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ ) സംസ്ഥാന നിർവാഹക സമിതി യോഗം. റിലയൻസിനെ കുറ്റപ്പെടുത്തി അധികാരത്തിൽ വന്ന സർക്കാർ പ്രഖ്യാപിത നിലപാടിൽ നിന്നും പിന്മാറുന്നതു മെഡിസെപ് പദ്ധതിയിലൂടെ വ്യക്തമായതായി സംസ്ഥാന പ്രസിഡന്റ് ഡോ.യു. അബ്ദുൽ കലാം പറഞ്ഞു. സംസ്ഥാനത്തെ പ്രധാനപ്പെട്ട ആശുപത്രികളെ ഉൾപ്പെടുത്തി പദ്ധതി പുനരാവിഷ്കരിക്കണം. ഇല്ലെങ്കിൽ ശക്തമായ സംയുക്ത സമരം സംസ്ഥാന സർക്കാർ നേരിടേണ്ടി വരുമെന്ന് കെപിസിടിഎ സംസ്ഥാന നേതൃത്വം അറിയിച്ചു. ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ.ചെറിയാൻ ജോൺ, ഡോ.ജി. ജി, ഡോ.ജോബി കെ തോമസ്, ഡോ.ടി.മുഹമ്മദലി, ഡോ.സണ്ണി കെ ജോർജ് എന്നിവർ പ്രസംഗിച്ചു.

# ഏഴാം ശമ്പള കമ്മീഷൻ: സർക്കാർ നിലപാട് പ്രതിഷേധാർഹമെന്ന് കെപിസിടിഎ

● 28ന് നടക്കുന്ന വർക്കിംഗ് കമ്മിറ്റിയിൽ പ്രക്ഷോഭപരിപാടികളുടെ ഘടന നിശ്ചയിക്കും

**യുജിസിയെ തെറ്റിദ്ധരിപ്പിക്കാൻ ശമ്പള പരിഷ്കരണ ഉത്തരവ് ഇറക്കുകയും ശമ്പളം നൽകുവാനുള്ള സംവിധാനമൊരുക്കാതിരിക്കുകയും ചെയ്യുന്ന സർക്കാർ നിലപാട് അധ്യാപക വിരുദ്ധമാണ്.**

**രാജപുരം:** ഏഴാം ശമ്പള കമ്മീഷൻ നടപ്പിൽ വരുത്തുന്നതിനുള്ള സർക്കാരിന്റെ നിഷേധ നിലപാടിലും 16 മണിക്കൂറിൽ താഴെയുള്ള അവസാന തസ്തികയിലെ അധ്യാപക നിയമന അംഗീകാരം നിഷേധിക്കുന്ന ധനവകുപ്പിന്റെ നിലപാടിലും പ്രതിഷേധിച്ച് കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ ).

2016 ജനുവരി ഒന്നു മുതൽ കോളജ് അധ്യാപകർക്ക് രാജ്യത്താകമാനം നടപ്പിൽ വരുത്തികഴിഞ്ഞതാണ് ഏഴാം പരിഷ്കരണ ശമ്പളം. സംസ്ഥാന സർക്കാർ ജീവനക്കാരിൽ ഇന്ന് ഏറ്റവും കുറവ് അടിസ്ഥാനശമ്പളം കൈപ്പറ്റുന്ന വിഭാഗമാണ് കോളേജ് അധ്യാപകർ. ധനവകുപ്പിന്റെ പുതിയ പരിഷ്കരണങ്ങൾ പ്രതിസന്ധികളുടെ ആക്കംകൂട്ടുന്നു.

സർക്കാർ ഭരണസംവിധാനത്തിലെ ധൂർത്തിന് അനുകൂല നിലപാട് സ്വീകരിക്കുന്ന ധനവകുപ്പ് കോളജ് അധ്യാപകരുടെ ജോലിഭാരത്തിലെ വ്യവസ്ഥാപിത സംവിധാനത്തിന് എതിരെമാത്രം നിഷേധ നിലപാട് സ്വീകരിക്കുന്നത് ഉന്നതവിദ്യാഭ്യാസ മേഖലയോടുള്ള വെല്ലുവിളിയാണെന്ന് സംസ്ഥാന പ്രസിഡന്റ് ഡോ. യു. അബ്ദുൾ കലാം പ്രസ്താവിച്ചു. യുജിസിയെ തെറ്റിദ്ധരിപ്പിക്കാൻ ശമ്പള പരിഷ്കരണ ഉത്തരവ് ഇറക്കുകയും ശമ്പളം നൽകുവാനുള്ള സംവിധാനമൊരുക്കാതിരിക്കുകയും ചെയ്യുന്ന സർക്കാർ നിലപാട് അധ്യാപക വിരുദ്ധമാണ്.

ഇക്കാര്യത്തിൽ ഇതര അധ്യാപക സംഘടനകളുടെ നിസംഗതയിൽ വേദനയുണ്ടെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. ജോബി തോമസ് അഭിപ്രായപ്പെട്ടു. ശക്തമായ പ്രക്ഷോഭപരിപാടികൾ ഉടൻ ആരംഭിക്കണമെന്ന് സംസ്ഥാന നിർവാഹകസമിതി യോഗം ആഹ്വാനം ചെയ്തു.

28ന് എറണാകുളത്തു നടക്കുന്ന വർക്കിംഗ് കമ്മിറ്റിയിൽ പ്രക്ഷോഭപരിപാടികളുടെ ഘടന നിശ്ചയിക്കുമെന്ന് യോഗം അറിയിച്ചു. ഡോ. യു. അബ്ദുൾ കലാം, ഡോ. ജോബി കെ. തോമസ്, ഡോ. ടി. മുഹമ്മദലി, ഡോ. സണ്ണി കെ. ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത് , ഡോ. ചെറിയാൻ ജോൺ, ഡോ. ജിജി എന്നിവർ സംസാരിച്ചു.

# ഏഴാം ശമ്പളക്കമ്മിഷൻ ഉത്തരവിറങ്ങിയിട്ടും നടപ്പായില്ല -കെ.പി.സി.ടി.എ.

**രാജപുരം** ▶ ഏഴാം ശമ്പള കമ്മിഷൻ ഉത്തരവ് നടപ്പാക്കാൻ വൈകുന്നതിലും 16 മണിക്കൂറിൽത്താഴെയുള്ള അവസാന തസ്തികയിലെ അധ്യാപകനിയമന അംഗീകാരം നിഷേധിക്കുന്ന ധനവകുപ്പിന്റെ നിലപാടിലും കേരളാ പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (കെ.പി.സി.ടി.എ.) സംസ്ഥാന നിർവാഹകസമിതി പ്രതിഷേധിച്ചു. 2016 ജനുവരി ഒന്നുമുതൽ കോളേജ് അധ്യാപകർക്ക് രാജ്യത്താകമാനം ശമ്പള പരിഷ്കരണം നടപ്പിൽവരുത്തിയിരുന്നു. എന്നാൽ സംസ്ഥാന സർക്കാർ യു.ജി.സി.യെ തെറ്റിദ്ധരിപ്പിക്കാൻ ശമ്പള പരിഷ്കരണ ഉത്തരവ് ഇറക്കിയെങ്കിലും ഇത് നൽകുവാനുള്ള സംവിധാനമൊരുക്കിയിട്ടില്ല. നിലവിൽ സംസ്ഥാന സർക്കാർ ജീവനക്കാരിൽ ഏറ്റവുംകുറവ് അടിസ്ഥാന ശമ്പളം കൈപ്പറ്റുന്ന വിഭാഗമാണ് കോളേജ് അധ്യാപകരെന്നും യോഗം വിലയിരുത്തി.

28-ന് ചേരുന്ന വർക്കിങ് കമ്മിറ്റി യോഗത്തിൽ സമരപരിപാടികളെക്കുറിച്ച് തീരുമാനമെടുക്കാനും നിർവാഹകസമിതി യോഗം തീരുമാനിച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ. യു .അബ്ദുൾ കലാം അധ്യക്ഷതവഹിച്ചു. സംസ്ഥാന ജന. സെക്രട്ടറി ഡോ. ജോബി തോമസ്, ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ. ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജിജി എന്നിവർ സംസാരിച്ചു.

# Teachers demand exam official's resignation in pass mark controversy



**The blatant push by the minister ensured the Kollam TKM College of Engineering student passed the subject to avoid supplementary examination, a prerequisite to secure a BTech Honours degree from the university**

KPCTA officials

**EXPRESS NEWS SERVICE**
@ Kasaragod

MINISTER for Higher Education K T Jaleel's intervention in the reevaluation process of a university exposed the deteriorating quality of higher education in the state, said Kerala Private College Teachers' Association (KPCTA).

During a public grievance hearing, the minister ordered APJ Abdul Kalam Technological University (KTU) to reevaluate the answer scripts of a student for the second time. KPCTA said, "The blatant push by the minister ensured the Kollam TKM College of Engineering student passed the subject to avoid supplementary examination, a prerequisite to secure a BTech Honours degree from the university."

The minister is also the ex-officio pro-chancellor of the university. The varsity had reevaluated the paper once, in which the student remained failed. The university rejected the college principal's request for a second reevaluation, but gave in to the minister's direction. "The Controller of Examinations of the varsity should resign in protest," said Dr U Abdul Kalam, state president of KPCTA. The steering committee of KPCTA also criticised the dubious involvement of the Directorate of Collegiate Education in prolonging the implementation of the Seventh Pay Commission in the salary of college teachers in the state.

# മാർക്ക്ദാനം: ഗവർണർ ഉത്തരവിടണമെന്ന് കെപിസിടിഎ

രാജപുരം(കാസർഗോഡ്): എംജി സർവകലാശാലയിൽ നടന്ന വിവാദ മാർക്ക് ദാനത്തെക്കുറിച്ച് സർവകലാശാല ചാൻസലർകൂടിയായ ഗവർണർ സമഗ്രമായ അന്വേഷണത്തിന് ഉത്തരവിടണമെന്ന് കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ ) ആവശ്യപ്പെട്ടു. ഉന്നത വിദ്യാഭ്യാസമന്ത്രി കെ.ടി. ജലീലിന്റെ പ്രൈവറ്റ് സെക്രട്ടറിയുടെ മാർക്ക് ദാന വിവാദത്തിലെ പങ്ക് അന്വേഷണവിധേയമാക്കണമെന്നും സംസ്ഥാന പ്രസിഡന്റ് ഡോ.യു. അബ്ദുൾ കലാം ആവശ്യപ്പെട്ടു.

വിദ്യാർഥികൾ നൽകിയ പരാതി സ്വീകരിച്ച് വലിയതോതിൽ മാർക്ക് നൽകി സ്ഥാപിത താത്പര്യത്തോടെ മന്ത്രിയുടെ ഓഫീസ് ഇടപെട്ടത് മന്ത്രിയുടെ ഓഫീസിന്റെ നിലവാരത്തകർച്ച വ്യക്തമാക്കുന്നതായി സംസ്ഥാന പ്രവർത്തകസമിതി യോഗം വിലയിരുത്തി. സർവകലാശാല പരീക്ഷ നടത്തിപ്പിനും മൂല്യനിർണയത്തിനും രഹസ്യസ്വഭാവമുള്ള വ്യവസ്ഥാപിത സംവിധാനം ഉണ്ടായിരിക്കണമെന്ന സാഹചര്യം നിലനിൽക്കെ മന്ത്രിയുടെ ഓഫീസ് നിക്ഷിപ്ത താത്പര്യത്തോടെ പരീക്ഷാസംവിധാനത്തിൽ ഇടപെട്ടത് ആശങ്കയുണർത്തുന്നതായി യോഗം വിലയിരുത്തി.

സംഭവത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് എംജി സർവകലാശാല പരീക്ഷാ കൺട്രോളർ തത്സ്ഥാനത്തുനിന്ന് മാറണമെന്നും അന്വേഷണവിധേയമായി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയെ സസ്പെൻഡ് ചെയ്യണമെന്നും യോഗം ആവശ്യപ്പെട്ടു. ഡോ.യു.അബ്ദുൾ കലാം, ഡോ. ജോബി കെ. തോമസ്, ഡോ.ടി. മുഹമ്മദലി, ഡോ. സണ്ണി കെ. ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത് , ഡോ. ചെറിയാൻ ജോൺ, ഡോ. ജിജി എന്നിവർ പ്രസംഗിച്ചു.

# വിദ്യാഭ്യാസ മന്ത്രി അധികാര ദുർവിനിയോഗം നടത്തുന്നു: കെപിസിടിഎ

രാജപുരം ● ഉന്നത വിദ്യാഭ്യാസ മേഖലയിൽ കീഴ്‌വഴക്കങ്ങൾ ലംഘിച്ചുകൊണ്ട് വിദ്യാഭ്യാസ മന്ത്രി അധികാര ദുർവിനിയോഗം നടത്തുകയാണെന്ന് കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) നിർവാഹക സമിതി യോഗം. ടികെഎം കോളജിൽ ബിടെക് പരീക്ഷയ്ക്ക് തോറ്റ വിദ്യാർഥിയെ വിജയിപ്പിക്കാൻ മന്ത്രി ഇടപെട്ടത് സ്ഥാപിത താൽപര്യം സംരക്ഷിക്കാനല്ല എന്ന് സാങ്കേതിക സർവകലാശാല പിവിസിയും മന്ത്രി ജലീലും വ്യക്തമാക്കണമെന്ന് സംസ്ഥാന പ്രസിഡന്റ് ഡോ.യു. അബ്ദുൾ കലാം ആവശ്യപ്പെട്ടു. സാങ്കേതിക സർവകലാശാല പരീക്ഷാ കൺട്രോളർ സ്ഥാനം രാജിവയ്ക്കണം.

ഡോ.ജോബി കെ തോമസ്, ഡോ.ടി മുഹമ്മദലി, ഡോ.സണ്ണി കെ ജോർജ്, ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ.ചെറിയാൻ ജോൺ, ഡോ.ജി. ജി എന്നിവർ പ്രസംഗിച്ചു.

# മന്ത്രിയുടെ ഇടപെടൽ വിദ്യാഭ്യാസമേഖലയുടെ നിലവാരത്തകർച്ചയുടെ സൂചന: കെപിസിടിഎ

**രാജപുരം:** ഉന്നതവിദ്യാഭ്യാസ മേഖലയിൽ കീഴ്‌വഴക്കങ്ങൾ ലംഘിച്ചുകൊണ്ട് ഉന്നതവിദ്യാഭ്യാസ മന്ത്രി അധികാര ദുർവിനിയോഗം നടത്തുകയാണെന്ന് കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ. ടികെഎം കോളജിലെ ബിടെക് പരീക്ഷയ്ക്ക് തോറ്റ വിദ്യാർഥിയെ വിജയിപ്പിക്കാൻ മന്ത്രി ഇടപെട്ടത് സ്ഥാപിത താത്പര്യം സംരക്ഷിക്കാനല്ലേയെന്ന് സാങ്കേതിക സർവകലാശാല പിവിസിയും മന്ത്രി കെ.ടി. ജലീലും വ്യക്തമാക്കണമെന്ന് കെപിസിടിഎ സംസ്ഥാന പ്രസിഡന്റ് ഡോ. യു. അബ്ദുൾ കലാം ആവശ്യപ്പെട്ടു.

സാങ്കേതിക സർവകലാശാല പരീക്ഷാകൺട്രോളർ സ്ഥാനം രാജിവയ്ക്കണമെന്നും ഉന്നത വിദ്യാഭ്യാസമേഖലയുടെ അന്തഃസത്ത കാത്തുസൂക്ഷിക്കാൻ തയാറാകണമെന്നും യോഗം ആവശ്യപ്പെട്ടു . ഏഴാം ശമ്പള കമ്മീഷൻ ഉത്തരവ് നടപ്പിലാക്കാൻ തീരുമാനിച്ചതിനു ശേഷം പ്രസ്തുത ഉത്തരവ് മരവിപ്പിച്ച ഡയറക്ടറേറ്റ് ഓഫ് കോളീജിയറ്റ് എഡ്യൂക്കേഷന്റെ നടപടിയിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കണമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. ജോബി തോമസ് ആവശ്യപ്പെട്ടു. കേരളത്തിലെ കേന്ദ്രസർവകലാശാലകളിലും അന്യസംസ്ഥാനങ്ങളിലുമെല്ലാം ഏഴാം ശമ്പള കമ്മീഷൻ ഉത്തരവ് നടപ്പിലാക്കപ്പെട്ടു. കോളജ് അധ്യാപകരുടെകാര്യത്തിൽ മാത്രം സർക്കാരും കോളജിയേറ്റ് എഡ്യൂക്കേഷനും ഒത്തുകളിക്കുന്നത് നിഗൂഢമാണെന്നും സംസ്ഥാന നിർവാഹകസമിതി യോഗം വിലയിരുത്തി. നവംബറിൽ കണ്ണൂരിൽ നടക്കുന്ന സംസ്ഥാന നേതൃത്വ ക്യാമ്പിന് മുമ്പായി പ്രശ്നം യുജിസിയുടെ ശ്രദ്ധയിൽ കൊണ്ടുവരുമെന്നും ശക്തമായ പ്രക്ഷോഭപരിപാടികൾ ആരംഭിക്കുമെന്നും യോഗം അറിയിച്ചു. ഡോ.യു. അബ്ദുൾ കലാം, ഡോ. ജോബി കെ.തോമസ്, ഡോ. ടി. മുഹമ്മദലി, ഡോ. സണ്ണി കെ. ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ ചെറിയാൻ ജോൺ, ഡോ. ജിജി എന്നിവർ പ്രസംഗിച്ചു.

D.

M

# മന്ത്രി നടത്തിയത് കീഴ്‌വഴക്കങ്ങളുടെ ലംഘനം -കെ.പി.സി.ടി.എ.

**രാജപുരം** ▸ പരീക്ഷാ പുനർമൂല്യ നിർണയത്തിൽ ഉന്നതവിദ്യാഭ്യാസ മന്ത്രിയുടെ ഇടപെടൽ വിദ്യാഭ്യാസ മേഖലയുടെ നിലവാരത്തകർച്ചയുടെ സൂചനയാണെന്ന് കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (കെ.പി.സി.ടി.എ.) സംസ്ഥാന നിർവാഹകസമിതിയോഗം. ഉന്നതവിദ്യാഭ്യാസ മേഖലയിൽ കീഴ്‌വഴക്കങ്ങൾ ലംഘിച്ച് മന്ത്രി കെ.ടി.ജലീൽ അധികാര ദുർവിനിയോഗം നടത്തുകയാണെന്നും യോഗം ആരോപിച്ചു.

നവംബറിൽ കണ്ണൂരിൽ സംസ്ഥാന നേതൃത്വക്യാമ്പ് നടത്തും. ഏഴാം ശമ്പള കമ്മിഷൻ ഉത്തരവ് നടപ്പാക്കുന്നത് വൈകിപ്പിക്കുന്ന സർക്കാർ നിലപാട് യു.ജി.സി .യുടെ ശ്രദ്ധയിൽ കൊണ്ടുവരാനും യോഗം തീരുമാനിച്ചു.

സംസ്ഥാന പ്രസിഡൻറ് ഡോ. യു.അബ്ദുൾകലാം അധ്യക്ഷത വഹിച്ചു. ഡോ. ജോബി കെ. തോമസ്, ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ. ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജി.ജീ എന്നിവർ സംസാരിച്ചു.

# race marks: Academics call MG University's action disgra

Cs list rules for giving grace marks; say these can be given only before exam results are out, and minister's intervention, if it had happened, is a bi

E POIKAYIL @Kasaragod

EMICS and teachers' or-
tion have roundly criti-
he government for con-
ng adalat — a public
nce hearing platform
ecide on academic mat-
university.
ebruary, Mahatma Gan-
niversity's adalat —
d by the vice-chancellor
sidered a petition of a
student of a self-financ-
lege in Kothamangalam
g grace marks for the
ementary examination
sixth semester. Based on
tition, the university's
ate — the highest deci-
naking body —
ed up to five
marks to the
ts of the batch.
rst of all, the
constituted by
vernment has
tutory backing,
e grace marks
d by the syndi-
vill not stand
rutiny of law,"
Abdul Khader
d, former vice-
ellor of Kannur
rsity.
atma Gandhi Universi-
flouted procedures and
vrong precedent, said M
ep Kumar, former vice-
ellor of Sree Sanka-
rya University of San-
Kalady. "If the higher
tion minister or his of-
d intervened in the mat-
was a big mistake," said
Dileep Kumar, who was a
er of MG University's
and syndicate.
lat is not part of the uni-
ty system, they said.
e is no mention of adalat
university's Act, stat-

> There is no mention of adalat in the university's Act, statutes, UGC regulations or in the examination manual
>
> Abdul Khader Mangad, former VC of Kannur University

stituted by the VC — can decide on giving moderation marks. "That too, before the results are declared," he said. "Once the results are out, the only option before students is to go for re-evaluation," he said. A student can seek re-evaluation twice, and if she is not satisfied can approach the vice-chancellor once again for "mercy chance" to re-evaluate the paper for the third time. "But in this case, the syndicate has used the powers it does not have to give grace marks," said Prof Dileep Kumar.

The pass board will be constituted to decide on grace marks only under special circumstances, they said. "If too many questions were set from out of syllabus or there were too many indirect questions and students file a mass appeal, the VC can consider setting up the pass board," said Prof Mangad, who was also a syndicate member of Kannur University. "But all that can happen only before the results are out," he said.

Once the pass board — with subject experts as members — decides on the quantum of grace marks, it will be sent to the academic council, which will ratify it. "Only after that, the syndicate can confirm it," he said. Universities are autonomous bodies, and the government should restrict its role to policy-making, they said.

The minister, as pro-chancellor, will come into picture only if the chancellor is absent or the post is vacant, they

# ഉന്നതവിദ്യാഭ്യാസ മേഖല ദുരവസ്ഥയിൽ -കെ.പി.സി.ടി.എ.



കെ.പി.സി.ടി.എ. സംസ്ഥാന നേതൃത്വക്യാമ്പ് കെ.സി.ജോസഫ് എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു

**കണ്ണൂർ ▸** മന്ത്രി കെ.ടി.ജലീലിന്റെ കീഴിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗം കടുത്ത ദുരവസ്ഥയിലാണെന്ന് കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന ക്യാമ്പ് ആരോപിച്ചു.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ മന്ത്രി ജലീൽ നടത്തുന്ന അനധികൃത ഇടപെടലുകളെക്കുറിച്ച് സമഗ്രാന്വേഷണം വേണമെന്ന് ക്യാമ്പ് ഉദ്ഘാടനം ചെയ്ത കെ.സി. ജോസഫ് എം.എൽ.എ. ആവശ്യപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് ഡോ. യു.അബ്ദുൽ കലാം അധ്യക്ഷത വഹിച്ചു.

ഐ.എൻ.ടി.യു.സി. ദേശീയ സെക്രട്ടറി കെ.സുരേന്ദ്രൻ, കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ. ഖാദർ മാങ്ങാട്, ഡോ. ജയചന്ദ്രൻ കീഴോത്ത്, ഡോ. കെ.ജോബി തോമസ്, മാർട്ടിൻ ജോർജ്, റിജിൽ മാക്ക
റ്റി, ഡോ. പി.രാജീവൻ, 
വി.ടി.വി.മോഹനൻ എന്നി
സംഗിച്ചു.

# ഉന്നത വിദ്യാഭ്യാസമേഖലയേക്കാൾ പരിഗണന
## മന്ത്രി ജലീലിന്: കെ. സി. ജോസഫ്




സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് കണ്ണൂർ ശിക്ഷക് സദനിൽ ഉദ്ഘാടനം ചെയ്തു കെ സി ജോസഫ് സംസാരിക്കുന്നു.

കണ്ണൂർ: മന്ത്രി ജലീൽ ആണോ പ്രധാനം, ഉന്നത വിദ്യാഭ്യാസ മേഖല ആണോ പ്രസക്തം എന്നതാണ് ഇന്നിന്റെ ചോദ്യമെന്ന് കെ സി ജോസഫ് എംഎൽഎ. കെപിസിടിഎ സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് കണ്ണൂർ ശിക്ഷക് സദനിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മന്ത്രി ജലീലിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ അനധികൃത ഇടപെടലുകളെ കുറിച്ച് സമഗ്രമായ അന്വേഷണം വേണമെന്ന് കെ സി ജോസഫ് ആവശ്യപ്പെട്ടു. ഖജനാവിലെ സാധാരണക്കാർ നികുതി നൽകുന്ന പണം ഉന്നതവിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്കോ, സാമൂഹിക പുരോഗതിക്കോ ചെലവഴിക്കാൻ സർക്കാർ തയ്യാറാകുന്നില്ല.

കൊലപാതക രാഷ്ട്രീയത്തിലെ പ്രതികളെ സംരക്ഷിക്കുക എന്നതിനപ്പുറം സർക്കാരിന് മറ്റു താൽപര്യങ്ങൾ ഇല്ലാതായിരിക്കുന്നുവെന്ന് യോഗത്തിൽ സംസാരിച്ച ഐഎൻടിയുസി ദേശീയ സെക്രട്ടറി കെ സുരേന്ദ്രൻ അഭിപ്രായപ്പെട്ടു.

ഏഴാം ശമ്പള കമ്മിഷൻ ശമ്പളം നൽകുന്നു എന്നു പറഞ്ഞുകൊണ്ട് സംസ്ഥാനസർക്കാർ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ അധ്യാപകരെ പറഞ്ഞു പറ്റിക്കുകയാണെന്നും ശക്തമായ പ്രക്ഷോഭ പരിപാടികൾ ഉടൻതന്നെ സംഘടന ആരംഭിക്കുമെന്നും കെപിസിടിഎ സംസ്ഥാന അധ്യക്ഷൻ ഡോ യു അബ്ദുൽ കലാം പറഞ്ഞു.

സംസ്ഥാന സർവകലാശാലയിലെ വൈസ് ചാൻസലർമാർക്ക് ഉത്തരവുകളിലൂടെ നിർദ്ദേശങ്ങൾ അടിച്ചേൽപ്പിക്കുവാൻ സംസ്ഥാന വിദ്യാഭ്യ
ക്ക് അധികാരമില്ലെ
കണ്ണൂർ സർവക
വൈസ് ചാൻസില
ഖാദർ മാങ്ങാട് അഭ
ട്ടു. ഡോ ജയചന്ദ്ര
ത്ത് , ഡോ ജോബി
കെ, അഡ്വ മാർട്ടിന
, റിജിൽ മാക്കുറ്റി ,
ജീവൻ പി , ഡോ
വി ടി വി എന്നിവർ
ച്ചു. ഉച്ചകഴിഞ്ഞ് ന
സെഷൻ സണ്ണി
എംഎൽഎ ഉദ്ഘാ
യ്തു. ക്യാമ്പ് ഇന്ന
ക്കും.

# മന്ത്രി ജലീലിന്റ ഓഫീസ് ഉന്നത വിദ്യാഭ്യാസ മേഖലയെ പിറകോട്ടടിപ്പിക്കുന്നു: കെപിസിടിഎ

D

**കണ്ണൂർ:** മന്ത്രി കെ.ടി. ജലീലിന്റെ ഓഫീസിലെ മുൻ ഇടതുപക്ഷ നേതാക്കളായ പേഴ്സണൽ അസിസ്റ്റന്റുമാർ ഉന്നതവിദ്യാഭ്യാസ രംഗത്തെ പിറകോട്ടടിക്കുകയും അപഹസിക്കുകയും ചെയ്യുകയാണെന്ന് കെപിസിടിഎ സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ് കുറ്റപ്പെടുത്തി. അപക്വമായ പ്രവർത്തനങ്ങളിലൂടെയും തങ്ങളുടെ താത്പര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി മന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ചു ഗൂഢമായ പ്രവർത്തനങ്ങളാണ് ഇവർ നടത്തിവരുന്നത്. സർവകലാശാലകളിലെ പരീക്ഷാ വിഭാഗങ്ങളിലെ തുടർച്ചയായ വീഴ്ചകൾ പരിഹരിക്കണമെന്നും യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

സർവകലാശാലകളുടെ സ്വയംഭരണ അധികാരം നഷ്ടപ്പെടുത്തുന്ന രീതിയിൽ മന്ത്രി ജലീലിന്റെ ഇടപെടലുകൾക്ക് അവസാനിപ്പിക്കുക, ഏഴാം ശമ്പള പരിഷ്കരണ കമ്മീഷന്റെ പുതിയ ശമ്പളം അധ്യാപകരിൽ എത്താതിരിക്കാൻ സംസ്ഥാന സർക്കാർ നടത്തുന്ന നീക്കങ്ങൾ ഉപേക്ഷിക്കുക, കോളജ് അധ്യാപകരുടെ വിരമിക്കൽപ്രായം 60 വയസായി ഉയർത്തുക എന്നീ ആവശ്യങ്ങളും പ്രമേയത്തിലൂടെ ഉന്നയിച്ചു. കണ്ണൂർ സർവകലാശാലയിൽ ഉന്നത വിദ്യാഭ്യാസ മന്ത്രിയും ഓഫീസ് കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നവരും നടത്തുന്ന ഇടപെടലുകൾ അവസാനിപ്പിക്കണമെന്ന് കണ്ണൂർ സർവകലാശാല മുൻ രജിസ്ട്രാർ ബാലചന്ദ്രൻ കീഴോത്ത് ആവശ്യപ്പെട്ടു.

ക്യാമ്പിന്റെ സമാപന സമ്മേളനം ഡിസിസി പ്രസിഡന്റ് സതീശൻ പാച്ചേനി ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ഡോ. യു. അബ്ദുൽകലാം അധ്യക്ഷത വഹിച്ചു. ഡോ. കെ. ജോബി തോമസ്, ഡോ. റെജി എം. വർഗീസ്, ഡോ. ജി. പ്രേംകുമാർ, പ്രഫ. ഷിനോ പി. ജോസ്, ഡോ. ജോബിൻ ജോസ്, ഡോ. എ.എം. വിജേഷ് എന്നിവർ പ്രസംഗിച്ചു.



കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന നേതൃത്വ പരിശീലന ക്യാംപ് കണ്ണൂരിൽ കെ.സി. ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

# കെപിസിടിഎ ക്യാംപിനു തുടക്കം

കണ്ണൂർ● ഉന്നത വിദ്യാഭ്യാസ മേഖലയെ കബളിപ്പിക്കുന്ന നയമാണു സർക്കാർ പിൻതുടരുന്നതെന്നു കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) സംസ്ഥാന നേതൃത്വപരിശീലന ക്യാംപ് അഭിപ്രായപ്പെട്ടു. കെ.സി.ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. സംസ്ഥാന അധ്യക്ഷൻ ഡോ.യു. അബ്ദുൽ കലാം, ഐഎൻടിയുസി ദേശീയ സെക്രട്ടറി കെ. സുരേന്ദ്രൻ, ഡോ.ഖാദർ മാങ്ങാട്, ഡോ ജയചന്ദ്രൻ കീഴോത്ത് ,ഡോ. ജോബി തോമസ്, മാർട്ടിൻ ജോർജ്,റിജിൽമാക്കുറ്റി,ഡോ.പി. രാജീവൻ എന്നിവർ പ്രസംഗിച്ചു. സാംസ്കാരിക സമ്മേളനം പ്രഫ. കൽപറ്റ നാരായണൻ ഉദ്ഘാടനം ചെയ്തു. പ്രഫ. സണ്ണി.കെ.ജോർജ് അധ്യക്ഷനായി. ഡോ.കെ.എം .നസീർ, ഡോ.അരുൺ കുമാർ, പ്രഫ.റോണി ജോർജ്, തോമസ് പോൾ കാട്ടൂക്കാരൻ, പി.എം. കോശി, ടി.കെ.ഉമർ ഫാറൂഖ്, ഡോ.കെ.പി.സുനി, പ്രഫ.പ്രജു കെ.പോൾ എന്നിവർ പ്രസംഗിച്ചു.

സംഘടനാ സെഷൻ സണ്ണി ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. പ്രഫ. കെ.രവീന്ദ്രനാഥ്, ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ.കെ.എസ്. ഇന്ദു എന്നിവർ പ്രസംഗിച്ചു. പ്രഫ.എം.എ.എച്ച്. ഖാൻ, പ്രഫ.കെ.എ.സിറാജ്, ഡോ.ടി.മുഹമ്മദലി, ഡോ.ചെറിയാൻ ജോൺ എന്നിവർ പ്രബന്ധാവതരണങ്ങൾ നടത്തി. ഇന്നു 10നു സമാപന സമ്മേളനം കെ.സുധാകരൻ എംപി ഉദ്ഘാടനം ചെയ്യും.

# KPCTA leadership camp on Nov 9, 10

Kannur: Kerala Private College Teachers Association (KPCTA) state leadership camp will be held on November 9 and 10 at Kannur Shikshak Sadan. Teachers of aided colleges from Thiruvananthapuram to Kasaragod will participate. The camp will be inaugurated by K Muraleedharan, MP, at 10am on Saturday. State president Dr U Abdul Kalam will preside over. Sunny Joseph MLA will be the chief guest of the function. Mayor Suma Balakrishnan will speak. After the inaugural meeting, Rajmohan Unnithan, MP, will inaugurate the cultural meeting. Professor Kalpetta Narayanan will deliver the keynote address. The organisation session in the afternoon will be inaugurated by K C Joseph MLA. State working committee will be held later in the evening. On Sunday, the concluding meeting will be inaugurated by K Sudhakaran MP. DCC president Satheeshan Pacheni will preside over. Dr Premachandran Keezhoth, Dr R K Biju and Dr V T V Mohanan briefed about the programme.

# കോളേജ് അധ്യാപകരുടെ വിരമിക്കൽ പ്രായം 60 ആക്കണം -കെ.പി.സി.ടി.എ.

കണ്ണൂർ ▸ കേരളത്തിലെ കോളേജ് അധ്യാപകരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കി ഉയർത്തണമെന്ന് കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന നേതൃത്വപരിശീലനക്യാമ്പ് ആവശ്യപ്പെട്ടു. സർവകലാശാലകളിലെ പരീക്ഷാവിഭാഗങ്ങളിലെ തുടർച്ചയായ വീഴ്ചകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്നും ക്യാമ്പ് ആവശ്യമുന്നയിച്ചു.



▶ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന നേതൃത്വപരിശീലനക്യാമ്പിന്റെ സമാപനസമ്മേളനം ഡി.സി.സി. പ്രസിഡന്റ് സതീശൻ പാച്ചേനി ഉദ്ഘാടനം ചെയ്യുന്നു

സമാപനസമ്മേളനം ഡി.സി.സി. പ്രസിഡന്റ് സതീശൻ പാച്ചേനി ഉദ്ഘാടനംചെയ്തു. സംസ്ഥാന പ്രസിഡന്റ് ഡോ. യു.അബ്ദുൽകലാം അധ്യക്ഷതവഹിച്ചു. കണ്ണൂർ സർവകലാശാല മുൻ രജിസ്ട്രാർ ബാലചന്ദ്രൻ കീഴോത്ത്, ഡോ. കെ.ജോബി തോമസ്, ഡോ. റെജി എം.വർഗീസ്, ഡോ. ജി.പ്രേംകുമാർ, പ്രൊഫ. ഷിനോ പി.ജോസ്, ഡോ. ജോബിൻ ജോസ്, ഡോ. എ.എം.വിജേഷ് എന്നിവർ പ്രസംഗിച്ചു.

# College teachers protest against JNU attack

**EXPRESS NEWS SERVICE**
@ Kasaragod

THE Kerala Private College Teachers' Association (KPCTA) observed a protest day against the attack on students and teachers of Jawaharlal Nehru University on Sunday.

"The attack was not just against students. It was an attack on the academic community of the country," KPCTA state president U Abdul Kalam said in a statement on Monday. A mob, with their faces covered, unleashed mayhem on the campus and assaulted faculty member Prof Sucharita Sen and other students on the campus on Sunday, the KPCTA said. The Left organisations accused the ABVP of perpetrating the violence, but ABVP accused Left organisations of carrying out the attack.

# കെ.പി.സി.ടി.എ. പ്രതിഷേധിച്ചു

**രാജപുരം ▸** ജെ.എൻ.യു.വിലെ വിദ്യാർഥികളുടെയും അധ്യാപകരുടെയും നേരെ നടന്ന ഗുണ്ടാ അക്രമത്തിൽ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (കെ.പി.സി.ടി.എ.) സംസ്ഥാന സമിതി പ്രതിഷേധിച്ചു. സംഭവം ഭരണകൂട ഭീകരതയുടെ തെളിവാണെന്ന് സംസ്ഥാന പ്രസിഡൻറ് ഡോ. യു.അബ്ദുൾ കലാം, ജന. സെക്രട്ടറി ഡോ. ജോബി കെ.തോമസ് എന്നിവർ പറഞ്ഞു. ഇത്തരം തെറ്റായ പ്രവണതകൾക്കെതിരേ രാജ്യം ഒറ്റക്കെട്ടായി നിൽക്കണമെന്നും സംസ്ഥാന സമിതി ആഹ്വാനം ചെയ്തു. കെ.പി.സി.ടി.എ.യുടെ നേതൃത്വത്തിൽ വിവിധ കോളേജുകളിൽ നടന്ന പ്രതിഷേധ പരിപാടികൾക്ക് ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ.ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജി.ജി എന്നിവർ നേതൃത്വം നൽകി.

# വിഭാഗീയത സൃഷ്ടിക്കാനുള്ള കേന്ദ്രനീക്കം അപലപനീയം -കെ.പി.സി.ടി.എ.

**രാജപുരം ▸** പൗരത്വനിയമഭേദഗതി നടപ്പാക്കാനുള്ള കേന്ദ്രസർക്കാർ നീക്കം രാജ്യത്തിന് ഭീഷണിയാണെന്ന് കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ(കെ.പി.സി.ടി.എ.) സംസ്ഥാന നിർവാഹകസമിതി യോഗം. സമാധാനപരമായി പ്രകടനങ്ങൾ നടത്തുന്നവരെപ്പോലും അടിച്ചമർത്താനുള്ള നീക്കമാണ് നടക്കുന്നത്. ഇത് അംഗീകരിക്കാനാവില്ല. ഇടുങ്ങിയ ചിന്താഗതിയിൽനിന്നുരുത്തിരിഞ്ഞ ആശയങ്ങൾ പിൻവലിച്ച് രാജ്യത്തിൻെറ വികസനത്തിനുതകുന്നതും മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതുമായ പ്രവർത്തനമാണ് കേന്ദ്രസർക്കാർ നടത്തേണ്ടത്.

രാജ്യത്തിൻെറ സമാധാനാന്തരീക്ഷം തകർക്കുന്നതും മതാധിഷ്ഠിതമായചിന്ത വളർത്തുന്നതുമായ നയങ്ങളാണ് കേന്ദ്രസർക്കാർ നടപ്പാക്കുന്നതെന്നും യോഗം ആരോപിച്ചു. സംസ്ഥാന പ്രസിഡൻറ് ഡോ. യു.അബ്ദുൾ കലാം അധ്യക്ഷത വഹിച്ചു. ജന. സെക്രട്ടറി ഡോ. ജോബി കെ. തോമസ്, ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ.ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജി. ജീ എന്നിവർ സംസാരിച്ചു.

## Kerala varsity marks scam: Teachers' body demands removal of Controller of Examinations

Kasaragod: The Kerala Private College Teachers' Association (KPCTA), affiliated to the Congress, demanded to remove the Controller of Examination of Kerala University in the marklist scam which was brought to light recently. KPCTA state president U Abdul Kalam said the scam was a clear indicator that the varsity examinations were neither confidential nor secure. The scam was unearthed after Kerala University officials found the examination and results database had been accessed using the login credentials of the former deputy registrar of the examination section. The perpetrators had altered the marks in examinations for BBA and BCA courses since 2016. The KPCTA said the Governor who is also the chancellor of the university should order a thorough probe into these malpractices in the higher education sector.

## പരീക്ഷാക്രമക്കേട്: ഗവർണർ ഇടപെടണമെന്നു കെപിസിടിഎ

രാജപുരം ● കേരള സർവകലാശാലയിലെ ബിഎ, ബികോം, ബിബിഎ, ബിസിഎ ഉൾപ്പെടെയുള്ള ഡിഗ്രി പരീക്ഷകളിലെ മാർക്ക് തിരുത്തൽ വെളിച്ചത്തു വന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടിയെടുക്കണമെന്നു കേരള പ്രൈവറ്റ് കോളജ് ടീച്ചേഴ്സ് അസോസിയേഷൻ (കെപിസിടിഎ) സംസ്ഥാന നിർവാഹക സമിതി യോഗം ആവശ്യപ്പെട്ടു. കേരളത്തിലെ സ്വയംഭരണ അധികാരമുള്ള സർവകലാശാലകൾ തകർച്ചയിലേക്ക് എത്തുന്നതു ദൗർഭാഗ്യകരമാണ്. ചാൻസലറായ ഗവർണർ പ്രശ്നത്തിൽ ഇടപെടണമെന്നും, പരീക്ഷാ കൺട്രോളറെ മാറ്റിനിർത്തി അന്വേഷണം പ്രഖ്യാപിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് ഡോ.അബ്ദുൽ കലാം അധ്യക്ഷത വഹിച്ചു. ഡോ.ജോബി കെ. തോമസ്, ഡോ.ടി.മുഹമ്മദാലി, ഡോ.സണ്ണി കെ. ജോർജ്, ഡോ.പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ.ജി.ജി എന്നിവർ പ്രസംഗിച്ചു.

കൂടുതൽ
വാർത്തകൾ
www.manoramaonline.com

## കേരളയിലെ മാർക്ക് വിവാദം: ഗവർണർ ഇടപെടണം -കെ.പി.സി.ടി.എ.

**രാജപുരം** ▸ കേരള സർവകലാശാലയിൽ നടന്ന മാർക്ക് തിരുത്തൽ വിഷയത്തിൽ കുറ്റക്കാർക്കെതിരേ നടപടിയെടുക്കണമെന്ന് കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (കെ.പി.സി.ടി.എ.) സംസ്ഥാന നിർവാഹകസമിതി യോഗം ആവശ്യപ്പെട്ടു. സംസ്ഥാനത്തെ സർവകലാശാലകളിലെല്ലാം മുൻകാലങ്ങളെ അപേക്ഷിച്ച് പരീക്ഷാ വിവാദങ്ങൾ ഏറുകയാണ്. ഇത്തരം തെറ്റായ പ്രവണതകൾക്കെതിരേ ഉചിതമായ നടപടിയെടുക്കണം.

സംസ്ഥാനത്തെ സർവകലാശാലാ പരീക്ഷകളുടെയും സർട്ടിഫിക്കറ്റുകളുടെയും വിശ്വാസ്യത നഷ്ടപ്പെടും വിധമുള്ള നീക്കങ്ങൾ അപമാനകരമാണ്.

പരീക്ഷാ കൺട്രോളറെ മാറ്റിനിർത്തി അന്വേഷണത്തിന് ഉത്തരവിടണം. മാർക്ക് കൂട്ടി നൽകിയ സംഭവത്തിൽ ചാൻസലർ കൂടിയായ ഗവർണർ ഇടപെടണമെന്നും യോഗം ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡൻറ് ഡോ. യു.അബ്ദുൾ കലാം അധ്യക്ഷത വഹിച്ചു. ഡോ. ജോബി കെ.തോമസ്, ഡോ. ടി.മുഹമ്മദലി, ഡോ. സണ്ണി കെ.ജോർജ്, ഡോ. പ്രേമചന്ദ്രൻ കീഴോത്ത്, ഡോ. ചെറിയാൻ ജോൺ, ഡോ. ജിജി എന്നിവർ സംസാരിച്ചു.